**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1136** **10-08-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജല ജീവൻ മിഷന്റെ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണെന്ന് പറയപ്പെടുന്ന ആക്ഷേപം സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഗ്രാമീണ മേഖലയിലെ എല്ലാ വീട്ടുകളിലും നിശ്ചിത അളവിലും ഗുണനിലവാരത്തിലും ടാപ്പിലൂടെ കുടിവെള്ളം ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ.<br><br>ദേശീയ തലത്തിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരാൾക്ക് പ്രതിദിനം 55 ലിറ്റർ ആണ് ഉറപ്പു വരുത്തേണ്ടതെങ്കിലും കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും അടുത്ത 30 വർഷത്തെ ആവശ്യങ്ങൾ കണക്കിലെടുത്തും ഒരാൾക്ക് 100 ലിറ്റർ പ്രതിദിനം കണക്കാക്കിയാണ് കേരളത്തിലെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ സുസ്ഥിരമായ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയുള്ള സമഗ്രമായ ബൃഹത് പ്രവൃത്തികളാണ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നടപ്പിലാക്കി വരുന്നത്. കൂടാതെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പദ്ധതി തുടങ്ങുന്ന സമയത്ത് 25 ശതമാനത്തോളം വീട്ടുകളിൽ മാത്രമേ കുടിവെള്ള കണക്ഷൻ ലഭ്യമായിരുന്നുള്ളൂ.<br><br>സംസ്ഥാനത്ത് നിലവിലുള്ള 69.92ലക്ഷം ഗ്രാമീണ വീട്ടുകളിൽ, 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് നിലവിലുണ്ടായിരുന്നത്. ദേശീയ തലത്തിൽ 2019 ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്.<br><br>നിലവിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീട്ടുകൾക്കും കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് |

5334736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40203.61 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ടാപ്പ് കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമാകുന്നതാണ്.

ജല ജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവർത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കണക്ഷനുകളും 2021-22 കാലയളവിൽ6.64 ലക്ഷം കണക്ഷനുകളും, 2022-23 കാലയളവിൽ 5.29 ലക്ഷം കണക്ഷനുകളും 2023-24 വർഷത്തിൽ 03/08/2023 വരെ 1.8 ലക്ഷം കണക്ഷനുകളുമാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും, വെള്ളപ്പൊക്കവും, പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. എങ്കിലും ജല ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്ക് പ്രകാരം സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ നൽകിയ ആകെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 35.47 ലക്ഷം ആയി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 50.18% ആണ്.

നിലവിൽ 78 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അംഗൻവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരപരിശോധനക്കായി 5000 ത്തിൽ പരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തി വരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 83 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് NABL അംഗീകാരം ലഭ്യമായിട്ടുണ്ട്.
പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, വനംവകുപ്പ് തുടങ്ങിയിട്ടുള്ള മറ്റു വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭ്യമാകുന്നതിലെ തടസ്സങ്ങളും പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ

| | | | |
|---|---|---|---|
| | | | അവലോകന യോഗങ്ങൾ കൂടി പദ്ധതി പ്രവർത്തനങ്ങളിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. മുൻഗണനാ പദ്ധതിയിൽ പ്പെടുത്തി ബഹു. മുഖ്യമന്ത്രി പദ്ധതി നിർവ്വഹണം വിലയിരുത്തുന്നുണ്ട്. കൂടാതെ വകുപ്പ് മന്ത്രി തലത്തിൽ എല്ലാ ജില്ലകളിലും എം. എൽ. എ. മാരേ യും ജനപ്രതിനിധികളേയും വിളിച്ചു ചേർത്ത് അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്.<br><br>ഇതു കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെ തലത്തിലും നിരന്തരമായ അവലോകനങ്ങൾ നടത്തി തടസ്സങ്ങൾ കണ്ടെത്തി പരിഹരിച്ച് പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തി വരുന്നു. |
| (ബി) | പദ്ധതി ലക്ഷ്യമിട്ട പ്രകാരം നാളിതു വരെ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും നിശ്ചിത അളവിലും ഗുണനിലവാരത്തിലും ടാപ്പിലൂടെ കുടിവെള്ളം ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ.<br><br>ദേശീയ തലത്തിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരാൾക്ക് പ്രതിദിനം 55 ലിറ്റർ ആണ് ഉറപ്പു വരുത്തേണ്ടതെങ്കിലും കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും അടുത്ത 30 വർഷത്തെ ആവശ്യങ്ങൾ കണക്കിലെടുത്തും ഒരാൾക്ക് 100 ലിറ്റർ പ്രതിദിനം കണക്കാക്കിയാണ് കേരളത്തിലെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ സുസ്ഥിരമായ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയുള്ള സമഗ്രമായ ബൃഹത് പ്രവൃത്തികളാണ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നടപ്പിലാക്കി വരുന്നത്. കൂടാതെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പദ്ധതി തുടങ്ങുന്ന സമയത്ത് 25 ശതമാനത്തോളം വീടുകളിൽ മാത്രമേ കുടിവെള്ള കണക്ഷൻ ലഭ്യമായിരുന്നുള്ളു.<br><br>സംസ്ഥാനത്ത് നിലവിലുള്ള 69.92ലക്ഷം ഗ്രാമീണ വീടുകളിൽ, 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് നിലവിലുണ്ടായിരുന്നത്. ദേശീയ തലത്തിൽ 2019 ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്.<br>നിലവിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് |

5334736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40203.61 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ടാപ്പ് കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമാകുന്നതാണ്.

ജല ജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവർത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കണക്ഷനുകളും 2021-22 കാലയളവിൽ6.64 ലക്ഷം കണക്ഷനുകളും, 2022-23 കാലയളവിൽ 5.29 ലക്ഷം കണക്ഷനുകളും 2023-24 വർഷത്തിൽ 03/08/2023 വരെ 1.8 ലക്ഷം കണക്ഷനുകളുമാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും, വെള്ളപ്പൊക്കവും, പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. എങ്കിലും ജല ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്ക് പ്രകാരം സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ നൽകിയ ആകെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 35.47 ലക്ഷം ആയി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 50.18% ആണ്.

നിലവിൽ 78 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അംഗൻവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരപരിശോധനക്കായി 5000 ത്തിൽ പരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തി വരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 83 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് NABL അംഗീകാരം ലഭ്യമായിട്ടുണ്ട്.
പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, വനംവകുപ്പ് തുടങ്ങിയിട്ടുള്ള മറ്റു വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭ്യമാകുന്നതിലെ തടസ്സങ്ങളും പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ

| | | | |
|---|---|---|---|
| | | | അവലോകന യോഗങ്ങൾ കൂടി പദ്ധതി പ്രവർത്തന ങ്ങളിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. മുൻഗണനാ പദ്ധതിയിൽ പ്പെടുത്തി ബഹു. മുഖ്യമന്ത്രി പദ്ധതി നിർവ്വഹണം വിലയിരുത്തുന്നുണ്ട്. കൂടാതെ വകുപ്പ് മന്ത്രി തലത്തിൽ എല്ലാ ജില്ലകളിലും എം. എൽ. എ. മാരേ യും ജനപ്രതിനിധികളേയും വിളിച്ച ചേർത്ത് അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്.<br><br>ഇതു കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെ തലത്തിലും നിരന്തരമായ അവലോകനങ്ങൾ നടത്തി തടസ്സങ്ങൾ കണ്ടെത്തി പരിഹരിച്ച് പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തി വരുന്നു. |
| (സി) | പിറവം മണ്ഡലത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | പിറവം മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് അടിസ്ഥാന ത്തിലുള്ള പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>പിറവം മണ്ഡലത്തിലെ എല്ലാ ഗ്രാമീണ വീടുകളിലും കണക്ഷൻ നൽകുന്നതിനായി 35075.94 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ മുഴുവൻ പ്രവൃത്തികളുടെയും സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ജല ജീവൻ മിഷൻ തുടങ്ങിയതിനു ശേഷം പിറവം മണ്ഡലത്തിൽ ഇതു വരെ (06/8/2023 വരെ) 9534 കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>കൂടാതെ ജല ജീവൻ പദ്ധതിയിൽപ്പെടുത്തി പിറവം മണ്ഡലത്തിൽ പിറവത്ത് ഒരു ഗുണനിലവാര പരിശോധന ഉപജില്ലാ ലാബ് സ്ഥാപിക്കുകയും NABL അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ജല ജീവൻ പദ്ധതിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച റോഡുകൾ സമയബന്ധിതമായി പുനരുദ്ധരിക്കുന്നതിന് പഞ്ചായത്തുകളുമായി ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ജല ജീവൻ മിഷന്റെ ഭാഗമായി 1, 2, 3 ഘട്ടങ്ങളിലായി ഭരണാനുമതി ലഭിച്ച പദ്ധതികളിൽ റോഡ് പുനരുദ്ധാരണത്തിനുള്ള പണം പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും പൊതുമരാമത്ത് വകുപ്പ് ടി പണികൾ നടത്തുകയു മായിരുന്നു ചെയ്തിരുന്നത്. ഈ ഘട്ടങ്ങളിലെ പ്രവൃത്തികൾ പഞ്ചായത്ത് റോഡുകളിൽ പഞ്ചായത്ത് ഫണ്ട്, 15-ാം ധനകാര്യ കമ്മീഷന്റെ അൺ റ്റൈഡ് ഫണ്ട് എന്നിവ ഉപയോഗിച്ച് റിസ്റ്റോറേഷൻ ചെയ്യേണ്ടതാണ്. പഞ്ചായത്തുകളിലെ റോഡുകളിൽ അടിയന്തിര സാഹചര്യങ്ങളിൽ താൽക്കാലികമായി റോഡ് റിസ്റ്റോറേഷൻ നടത്തി വരുന്നു. ജല ജീവൻ മിഷൻ നാലാം ഘട്ടം മുതലുള്ള |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളോടനുബന്ധിച്ചുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ വാട്ടർ അതോറിറ്റി തന്നെ പ്രധാന പ്രവൃത്തിയുടെ കൂടെ ഉൾപ്പെടുത്തി കരാറിന്റെ ഭാഗമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ (06/08/2023) |
|---|---|---|---|---|---|---|
| ആമ്പല്ലൂർ | 7417 | 3235 | 4222 | 3056.64 | 1636 | 4871 |
| ചോറ്റാനിക്കര | 8728 | 1900 | 9188 | 5686.14 | 1622 | 3522 |
| എടയ്ക്കാട്ടുവയൽ | 6149 | 2385 | 3764 | 3073.70 | 948 | 3333 |
| ഇലഞ്ഞി | 4406 | 1820 | 2579 | 4213.60 | 666 | 2486 |
| മണീട് | 5144 | 2351 | 3551 | 2774.98 | 813 | 3164 |
| മുളംതുരുത്തി | 7460 | 3232 | 4828 | 3733.68 | 1519 | 4751 |
| പാമ്പാക്കുട | 5194 | 2269 | 2925 | 2557.98 | 753 | 3022 |
| രാമമംഗലം | 4171 | 1777 | 2394 | 5241.66 | 772 | 2549 |
| തിരുമാറാടി | 5093 | 1363 | 3714 | 4737.56 | 805 | 2168 |
| **ആകെ** | **53762** | **20332** | **37165** | **35075.94** | **9534** | **29866** |